സ്പോട്ടിൽ സസ്പെൻറു ചെയ്തു. ഈ വക കാര്യങ്ങൾ ഞാൻ വളരെ വ്യക്തമാക്കുകയാണ്. സ്റ്റേഷനിൽ കൊണ്ടുപോയി മർദ്ദിക്കുന്ന ഏർപ്പാട് ഒരു കാരണവശാലും അനുവദിക്കുകയില്ല. ആ സ്പോട്ടിൽവച്ചുതന്നെ സസ്പെൻറു ചെയ്യും. ഓരോ നടപടിക്കുശേഷം ഇതിനകംതന്നെ ഏഴ് ഓഫീസർമാരെ സസ്പെൻറ് ചെയ്തിട്ടുണ്ട്. ഒരിക്കലും ഗവൺമെൻറ് അത് അനുവദിക്കുകയില്ല. ആർക്കെങ്കിലും അങ്ങനെ ഒരു ധാരണയുണ്ടെങ്കിൽ ആ ധാരണ പരിപൂർണ്ണമായി മാറും. കാരണം അതാത് അവസരത്തിൽതന്നെ ആണ് ഓർഡർ ഇഷ്യൂ ചെയ്തിരിക്കുന്നത്.

(4) മുനിസിപ്പാലിറ്റികളിലേയും കോർപ്പറേഷനുകളിലേയും കണ്ടിൻജൻസി ജീവനക്കാരുടെ ശമ്പളവർദ്ധനവ്

ശ്രീ. എ.സി. ജോസ് : സർ, കേരളത്തിലെ നാൽപ്പതിൽപരം മുനിസിപ്പാലിറ്റികളിലും മൂന്നു കോർപ്പറേഷനുകളിലും ജോലിചെയ്യുന്ന ആയിരക്കണക്കിനു കണ്ടിജൻസി ജീവനക്കാരുടെ പരിതാപകരമായ സ്ഥിതിയാണു ഞാൻ ബഹുമാനപ്പെട്ട മുനിസിപ്പൽ വകുപ്പിന്റെ ചുമതല വഹിക്കുന്ന മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. അവരുടെ ശമ്പളം പരിഷ്ക്കരിക്കുന്നതിനുവേണ്ടി ഏതാണ്ട് രണ്ടുവർഷംമുമ്പ് ഒരു കമ്മീഷനെ വച്ചു സർ. എന്നാൽ ഇന്നുവരെ ആ കമ്മീഷന്റെ റിപ്പോർട്ട് വെളിച്ചം കണ്ടിട്ടില്ല. അതിനു ഒരു തീരുമാനവുമെടുത്തിട്ടില്ല സർ. ബഹുമാനപ്പെട്ട സുന്ദരം സ്വാമി മന്ത്രിയായിരിക്കുമ്പോൾ ഞാൻ റപ്രസന്റേഷൻ കൊടുത്തതാണ്. അദ്ദേഹം കഴിഞ്ഞ 1985 ജൂലായ് മാസത്തിൽ ഒരു തീരുമാനമെടുക്കുമെന്നു പറയുകയാണു ചെയ്തത്. ഇപ്പോൾ ഒന്നരവർഷം കഴിഞ്ഞു ഇതുവരെ ഒരു തീരുമാനവുമെടുത്തിട്ടില്ല. ഈ കാര്യത്തിൽ എന്തെങ്കിലും നടപടി അടിയന്തിരമായി ചെയ്ത് കണ്ടിൻജൻസി ജീവനക്കാരുടെ ദുരിതപൂർണ്ണമായ അവസ്ഥയിൽനിന്ന് അവരെ രക്ഷിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ഇപ്പോഴുള്ള കണ്ടിൻജൻസി തൊഴിലാളികളുടെ കാറ്റഗറികൾ നിലനിർത്തിക്കൊണ്ട് ശമ്പളസ്കെയിലുകൾ, സ്പെഷ്യൽ ഡി.എ., വീട്ടുവാടക, മെഡിക്കൽ അലവൻസ് തുടങ്ങിയവ പരിഷ്ക്കരിക്കാൻ വേണ്ടി ബോർഡ് ശുപാർശ ചെയ്തിട്ടുണ്ട്. ഈ ശുപാർശയിൻമേൽ ഉടനടി തീരുമാനമെടുത്ത് നടപ്പിലാക്കണമെന്നാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്. ക്യാബിനറ്റ് പരിശോധിച്ചശേഷം ഉടനെതന്നെ ഇതിൻമേൽ ആവശ്യമായ തീരുമാനമെടുക്കുന്നതാണ്.

(5) മേപ്പയൂർ നിയോജക മണ്ഡലത്തിലെ രണ്ടു കൊലപാതകങ്ങൾ

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : സർ, എന്റെ നിയോജക മണ്ഡലത്തിലെ കാസിം എന്ന ഒരു മുസ്ലീംലീഗ് പ്രവർത്തകൻ കൊല്ലങ്ങൾക്കു മുമ്പ് വടകരയിലെ ഒരു കുണ്ടുകിണറ്റിൽ കൊല്ലപ്പെട്ട നിലയിൽ കാണുകയുണ്ടായി. ഗവൺമെൻറ് അതു സംബന്ധിച്ച് കൂലംകഷമായി അന്വേഷിക്കാൻ പലവിധ നിർദ്ദേശങ്ങൾ കൊടുത്തുവെങ്കിലും ഇതുവരെയും ആ കേസ്സിനു തെളിവുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. എനിക്ക് അറിയില്ല, ഇപ്പോൾ ആ പ്രദേശത്തുള്ള ആളുകൾ പറയുന്നത് സി.ബി.ഐ. യ്ക്കു കൊടുത്ത് ഒന്നു പരിശോധിച്ച് നോക്കണമെന്ന് ഗവൺമെൻറിനോട് നിർബന്ധപൂർവ്വം ആവശ്യപ്പെടണമെന്നാണ്. മറ്റൊന്ന് എന്റെ നിയോജകമണ്ഡലത്തിൽ തന്നെയുള്ള

LIBRARY ARCHIVES Kerala Legislative Assembly